കുമ്പാറ- കുരങ്ങത്തുംപാറ വനാതിർത്തിയിൽ കോൺക്രീറ്റ് തൂണുകളുടെ നിർമ്മാണം

109 (4150) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കുമ്പാറ-കുരങ്ങത്തുംപാറ വനാതിർത്തിയിൽ കോൺക്രീറ്റ് തൂണുകൾ നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ഡിവിഷൻ താമരശ്ശേരി റെയിഞ്ചിൽപ്പെടുന്ന കുമ്പാറ-കുരങ്ങത്തുംപാറ വനാതിർത്തിയിൽ 165 ജണ്ടകൾ നിർമ്മിക്കുന്നതിന് അടങ്കൽ തയ്യാറാക്കുകയും 1,46,000 രൂപയുടെ അടങ്കൽ അംഗീകരിക്കുകയും ടെണ്ടർ ക്ഷണിക്കുകയും പ്രസ്തുത ജോലി നടപ്പു വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

വന്യജീവികളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം കണക്കാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

110 (4152) ശ്രീ. എ. ഡി. അപ്പച്ചൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കുപറ്റുന്നവർക്കോ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കോ വസ്തുവകകൾക്ക് നാശനഷ്ടം സംഭവിക്കുന്നവർക്കോ നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥകളടങ്ങിയ 1980-ലെ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിം ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് ഇപ്പോഴും നിലവിലുണ്ടോ ;

(ബി) പ്രസ്തുത ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയമാവുകയോ വസ്തുവകകൾക്ക് നഷ്ടം സംഭവിക്കുകയോ ചെയ്യുന്നവർക്ക് വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട്, മോട്ടോർ വെഹിക്കിൾസ് ആക്ട്, ലാൻഡ് അക്വിസിഷൻ ആക്ട് എന്നിവയിൽ നഷ്ട പരിഹാരം കണക്കാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കായികരംഗത്ത് പ്രോൽസാഹനം നൽകാൻ നടപടി

111 (4155) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായികരംഗത്ത് പ്രോൽസാഹനം നടത്താൻ കലാലയങ്ങളിൽ എന്തെല്ലാം നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ആയതിന്റെ ഭാഗമായി സ്വകാര്യ വിദ്യാലയങ്ങളിൽ കളിസ്ഥലം ഉണ്ടാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത് ;

(സി) കണ്ണൂർ ജില്ലയിൽ കായികരംഗത്ത് മുമ്പന്തിയിലുള്ള വിദ്യാലയങ്ങൾ ഏതെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ കോളേജുകളേയും ഉൾപ്പെടുത്തി കേരള സ്പോർട്സസ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കോളേജ് ഗെയിംസ് നടത്താറുണ്ട്. കോളേജുകളോടനുബന്ധിച്ച്, സ്പോർട്ട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സ്പോർട്ട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. (32 ഹോസ്റ്റലുകൾ)

(ബി) കളിസ്ഥലങ്ങൾ ഉണ്ടാക്കുന്നതിന് അപേക്ഷ കിട്ടുന്ന മുറയ്ക്ക് കേരള സ്പോർട്ട്സ് കൗൺസിൽ അവ പരിഗണിച്ച് ധനസഹായം നൽകി വരുന്നു.

(സി) ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കണ്ണൂർ, (കണ്ണൂർ സ്പോർട്ട്സ് ഡിവിഷൻ) കാടാച്ചിറ സ്കൂൾ, സെന്റ് മൈക്കിൾസ് ആംഗ്ലോ ഇൻഡ്യൻ ഹയർ സെക്കണ്ടറി സ്കൂൾ, പാലിയോട് ജി. എച്ച്. എസ്. എസ്., എസ്. എൻ. ട്രസ്റ്റ് സ്കൂൾ, എസ്. എൻ. കോളേജ് കണ്ണൂർ, പയ്യന്നൂർ കോളേജ് പി.ആർ.എൻ.എസ്. കോളേജ്, മട്ടന്നൂർ എന്നിവ കായികരംഗത്ത് മുമ്പന്തിയിലുള്ള വിദ്യാലയങ്ങൾ ആണ്.

ടീമുകളെയും കായിക താരങ്ങളെയും സൃഷ്ടിക്കുവാൻ നടപടി

112 (4156) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായിക താരങ്ങൾക്ക് തൊഴിൽ നല്കുവാനും വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ടീമുകളേയും കായിക താരങ്ങളേയും സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളും വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly